എവിടെയാണ് മനസ്സ് നിർഭയമായിരിക്കുന്നത്,
ശിരസ്സ് ഉയർത്തിപ്പിടിച്ചിരിക്കുന്നത്
എവിടെയാണ് അറിവ് സ്വതന്ത്രമായിരിക്കുന്നത്,
എവിടെയാണ് ലോകം പ്രാദേശികതയുടെ
ഇടുങ്ങിയ ഭിത്തികളാൽ തുണ്ടുതുണ്ടായി മുറിച്ചുമാറ്റപ്പെട്ടിട്ടില്ലാത്തത്,
എവിടെയാണ് വാക്കുകൾ സത്യത്തിന്റെ ആഴത്തിൽനിന്ന് നിർഗമിക്കുന്നത്,
എവിടെയാണ് ക്ഷണിക്കാത്ത ഉദ്യമം
അതിന്റെ ബലിഷ്ഠംഹസ്തങ്ങളെ പരിപൂർണ്ണതയിലേക്ക് നീട്ടുന്നത്,
എവിടെയാണ് മൃതമായ യാഥാസ്ഥിതികതയുടെ
മണൽപ്പരപ്പിൽ സുതാര്യമായ ജ്ഞാനപ്രവാഹത്തിന്റെ
കല്ലോലിനി വരണ്ടുപോകാത്തത്,
എവിടെയാണ് നീ മനസ്സിനെ വികാസത്തിലേക്കും
സമ്യക്കായ ദർശനത്തിലേക്കും നയിക്കുന്നത്,
ആ സ്വതന്ത്രരാജ്യത്തിന്റെ സ്വർഗ്ഗീയ സാദ്ധ്യതകളിലേക്ക്
എന്റെ പിതാവ്, നീ എന്റെ രാജ്യത്തെ നയിക്കേണമേ!

ഗീതാഞ്ജലി - 35